Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(സി) എ.എ.വൈ. വിഭഗത്തിൽപ്പെട്ടവർക്ക് കാർഡിന് 28 കി.ഗ്രാം അരിയും 7 കി. ഗ്രാം ഗോതമ്പും മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും 4 കി. ഗ്രാം അരിയും 1 കി. ഗ്രാം ഗോതമ്പും സൗജന്യമായി നൽകുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഓരോ അംഗത്തിനും 2 കി. ഗ്രാം. അരി കിലോഗ്രാമിന് 2 രൂപ നിരക്കിൽ ഓരോ കാർഡിനും 1 കി. ഗ്രാം. ഫോർട്ടിഫൈഡ് ആട്ട വീതം കി. ഗ്രാമിന് 15 രൂപ നിരക്കിലും നൽകും. രണ്ടുരൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെടാത്ത മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 3 കി. ഗ്രാം ഭക്ഷ്യധാന്യം അരി കി. ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി. ഗ്രാമിന് 6.70 രൂപ നിരക്കിലും ഓരോ കാർഡിനും 2 കി. ഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം കി. ഗ്രാമിന് 15 രൂപ നിരക്കിലും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് മണ്ണെണ്ണ അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലിറ്റർ വീതവും ലിറ്ററിന് 18 രൂപ നിരക്കിൽ ഓരോ മാസവും നൽകുന്നു.

**റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം**

303 (1964) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ പൂർത്തീകരിച്ചു എന്നറിയിക്കാമോ; ഇനി എത്ര ജില്ലകളിൽ വാതിൽപ്പടി വിതരണം പൂർത്തീകരിക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റേഷൻ കടകളിൽ വ്യാപാരികൾക്ക് അനുവദിച്ച അളവിൽ ഭക്ഷ്യധാന്യങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് അനുവദനീയമായ അളവിൽ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) റേഷൻ സാധനങ്ങൾ വാങ്ങാത്ത ഉപഭോക്താക്കളുടെ ഭക്ഷ്യധാന്യവിഹിതം എതു തരത്തിൽ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം സംസ്ഥാനത്തെ 14 ജില്ലകളിലും പൂർണ്ണമായ നിലയിൽ നടന്നുവരുന്നു.

(ബി) റേഷൻ വ്യാപാരികൾക്ക് അതാത് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും നിശ്ചയിക്കുന്ന അളവിൽ ഭക്ഷ്യധാന്യങ്ങൾ, സപ്ലൈകോ NFSA ഡിപ്പോകളിൽ നിന്നും റേഷൻ കടകളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെ തൂക്കം ഉറപ്പാക്കുവാൻ റേഷൻ വ്യാപാരികളുടെ സാന്നിദ്ധ്യം അനുവദിച്ചിട്ടുണ്ട്.

(സി) ഉപഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ്, വില എന്നിവ സംബന്ധിച്ച് ഓരോ മാസവും മാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകുകയും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ റേഷൻ കടകളിലും ഇതുസംബന്ധിച്ചുള്ള ബോർഡ് പ്രദർശിപ്പി ക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് അനുവദനീയമായ അളവിൽ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ പരിശോധനകൾ നടത്തുകയും ലഭ്യമാകുന്ന പരാതികൾ സമയബന്ധി തമായി പരിഹരിക്കുന്നുമുണ്ട്.

(ഡി) ഒരു ഉപഭോക്താവ് ടിയാന്റെ വിഹിതം വാങ്ങിയില്ലെങ്കിൽ തുടർമാസം പ്രസ്തുത റേഷൻ കടയ്ക്ക് നൽകുന്ന വിഹിതത്തിൽ നിന്ന് പ്രസ്തുത നീക്കിബാക്കി കുറച്ചായിരിക്കും അനുവദിക്കുന്നത്.

**റേഷൻ കാർഡുകളിലെ തെറ്റുകൾ**

304 (1965) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ 62,63 നമ്പർ റേഷൻ കടകളുടെ പരിധിയിൽ വരുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ വ്യാപകമായി തെറ്റുകൾ കടന്നു കൂടിയതിനാൽ റേഷൻ കാർഡ് വിതരണം തടസ്സപ്പെട്ടിട്ടുള്ളതും റേഷൻ സാധനങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ക്ലറിക്കൽ പിഴവുമൂലം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഏതാനും കാർഡുകളിൽ ചില തെറ്റുകൾ കടന്നുകൂടിയ സാഹചര്യത്തിൽ അവർക്ക് കാർഡ് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈ കാർഡുടമകൾക്ക് റേഷൻ വിഹിതം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly